## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1470 — 11.06.2019-ൽ മറുപടിയ്ക്ക്

### മത്സ്യത്തൊഴിലാളികളുടെ കണക്ക് രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ഡോ.എം. കെ. മുനീർ** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ കണക്ക് രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഫിഷ് ലാന്റിംഗ് സെന്ററുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ; | (ബി) | കടലിൽ മത്സ്യബന്ധനത്തിനു പോകുന്നതും തിരികെ വരുന്നതുമായ മത്സ്യത്തൊഴിലാളികളുടെയും യാനങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന വിധം സാഗര എന്ന മൊബൈൽ ആപ്ലിക്കേഷൻ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ടി മോബൈൽ ആപ്ലിക്കേഷൻ മത്സ്യത്തൊഴിലാളികൾക്ക് ഡൗൺ ലോഡ് ചെയ്ത് നൽകുന്നതിനും ആയത് മത്സ്യത്തൊഴിലാളികൾക്ക് പരിചയപ്പെടുത്തുന്നതിനുമായി 9 കടലോര ജില്ലകളിലായി 50 സാഗര ഫെസിലിറ്റേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. ഇവർ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഹാർബറുകളിലും ലാന്റിംഗ് സെന്ററുകളിലും കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളികളുടെ ആൻഡ്രോയിഡ് ഫോണിലേയ്ക്ക് ടി ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് നൽകുകയും ആയത് ഉപയോഗിക്കുന്നത് സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് അവബോധം ഉണ്ടാക്കുകയും ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ വർഷത്തെ കാലവർഷത്തിന് മുമ്പ് ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ? | (സി) | പദ്ധതി നിലവിൽ നടപ്പാക്കി വരികയാണ്. 06/06/2019 വരെ വിവിധ ജില്ലകളിലായി 13261 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**